# പതിനാലാം കേരള നിയമസഭ
## (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:971** **11/07/2016-ൽ മറുപടിയ്ക്ക്**

<u>ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്തുകളുടെ വികസനം</u>

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി: | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|

| | | | |
|---|---|---|---|
| എ) | കൊച്ചി മണ്ഡലത്തിലെ ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്തുകളുടെ എല്ലാ വികസനവും തീരദേശ പരിപാലന നിയമം (കോസ്റ്റൽ റെഗുലേഷൻ ആക്റ്റ്) സി.ആർ.ഇസഡ് മൂലം തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ജനങ്ങൾക്ക് ആശ്വാസകരമാം വിധം നടപടികൾ സ്വീകരിക്കുന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | എ) | എറണാകുളം ജില്ലയിലെ ചെല്ലാനം, കുമ്പളങ്ങി, പഞ്ചായത്തുകളിൽ തീരദേശനിയന്ത്രണ വിജ്ഞാപനം ബാധകമാണ്. 1991 ഫെബ്രുവരി 19ന് കേന്ദ്ര വന പരിസ്ഥിതി മന്ത്രാലയം ഇറക്കിയ വിജ്ഞാപനം പ്രകാരം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും കരഭാഗത്തേക്ക് 500 മീറ്ററും, വേലിയേറ്റ – വേലിയിറക്കത്തിനും ഇടയിലുള്ള മേഖലയും നിയന്ത്രണ മേഖലയിൽപ്പെടുന്നു. കടലിൽ നിന്നും വേലിയേറ്റ സ്വാധീനമുള്ള പുഴകളുടെയും കായലുകളുടെയും വേലിയേറ്റ മേഖലയിൽ നിന്നും 100 മീറ്റർ കരഭാഗം നിയന്ത്രണ മേഖലയാണ്. പ്രസ്തുത നിയന്ത്രണ മേഖലയ്ക്കകത്ത് കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തുകയും നിയന്ത്രണങ്ങൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. 2011 ജനുവരിയിലെ പുതുക്കിയ തീരദേശനിയന്ത്രണ വിജ്ഞാപന പ്രകാരം നിയന്ത്രണമേഖല കായൽ ദ്വീപുകൾക്ക് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ ആയി കുറച്ചിട്ടുണ്ട്. തീരദേശനിയന്ത്രണം മൂലം വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നുണ്ട്. ആയതിനാൽ തീരദേശ വിജ്ഞാപനത്തിൽ ഇളവുകൾ നൽകാൻ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടതിന്റെ ഫലമായി കേന്ദ്രസർക്കാർ നടപടി എടുക്കുകയും ഡോ. ശൈലേഷ് നായക് സമിതിയെ കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. ഡോ. ശൈലേഷ് നായക് സമിതി 2014ൽ കേരളത്തിൽ വരുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. കേന്ദ്രവനപരിസ്ഥിതി മന്ത്രാലയം, ഡോ. ശൈലേഷ് നായക് സമിതിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പുതിയ ഇളവുകൾ ഒന്നും ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ബി) | തീരദേശ നിവാസികൾക്ക് ഭവനം നിർമ്മിക്കുന്നതിനും, അറ്റകുറ്റ പണികൾ നടത്തുന്നതിനും സാധിക്കാത്ത സ്ഥിതി നിലനില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ബി) | തീരദേശവാസികൾക്ക് ഭവനം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും തീരദേശനിയന്ത്രണ മേഖലയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഭവന നിർമ്മാണം കടലിന്റെ വേലിയേറ്റരേഖയിൽ നിന്നും 200 മീറ്ററിനു വെളിയിൽ ഭവന നിർമ്മാണം നടത്താൻ തീരദേശ മാനേജ്മെന്റ് അതോറിറ്റി അനുമതി നൽകുന്നുണ്ട്. തദ്ദേശവാസികൾക്കും മത്സ്യബന്ധനത്തിലേർപ്പെട്ടവർക്കും 100 മീറ്ററിന് വെളിയിൽ നിബന്ധനകൾക്ക് വിധേയമായി, ചെറിയ വീടുകൾ കെട്ടാൻ അനുമതി നൽകുന്നു. മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പരിധിയിൽ 1991 ഫെബ്രുവരി 19-ന് നിലവിലുള്ള റോഡുകൾ, കെട്ടിടങ്ങൾ, തുടങ്ങിയവയുടെ കരഭാഗത്ത് പുതിയ നിർമ്മാണം അനുവദിക്കുന്നുണ്ട്. അംഗീകൃത കെട്ടിടങ്ങളുടെ അറ്റകുറ്റപണികളും പുനനിർമ്മാണവും നിബന്ധനകൾക്ക് വിധേയമായി തീരദേശനിയന്ത്രണ മേഖലയിൽ അനുവദിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**